(സി) ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായ ഉദ്യോഗസ്ഥന് എൽ.ഡബ്ല്യൂ.എ. കാലയളവിൽ ഇൻക്രിമെന്റ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 16-2-1999 മുതൽ 31-12-2000 വരെ എൽ.ഡബ്ല്യൂ.എ. അനുവദിച്ചിരുന്നു.

(ബി) ഇല്ല. മുഴുവൻസമയ പ്രവർത്തകനാണെങ്കിൽപോലും നിലവിലുള്ള നിയമപ്രകാരം മാതൃസ്ഥാപനങ്ങളിൽ നിന്നും വിട്ടുനിൽക്കുന്ന കാലയളവ് ക്രമപ്പെടുത്താൻ വേതന രഹിത അവധി മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ.

(സി) നിലവിലുള്ള നിയമമനുസരിച്ച് മെഡിക്കൽ സർട്ടിഫിക്കറ്റ് കൂടാതെ അനുവദിക്കുന്ന ശൂന്യവേതനാവധിക്ക് ഇൻക്രിമെന്റ് അനുവദിക്കാൻ വ്യവസ്ഥയില്ല.

ടെക്നിക്കൽ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം

134 (3695) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എത്ര ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഐ.റ്റി അറ്റ് സ്കൂൾ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) നടപ്പിലാക്കിയ സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനാവശ്യമായ ധനസഹായം ഏത് ഏജൻസി വഴിയാണ് ലഭ്യമാക്കിയത് ;

(സി) ഇതിനായി ഒരു സ്കൂളിന് ഗവൺമെന്റ് എത്ര തുക ലഭ്യമാക്കുകയുണ്ടായി ;

(ഡി) കണ്ണൂർ ജില്ലയിൽ പ്രസ്തുത പദ്ധതി ഏതെല്ലാം ഗവൺമെന്റ് ഹൈസ്കൂളുകളിലാണ് നടപ്പിലാക്കിയത് ;

(ഇ) കണ്ണൂർ ജില്ലയിലെ ഏതെല്ലാം ടെക്നിക്കൽ ഹൈസ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുകയുണ്ടായി ;

(എഫ്) ടെക്നിക്കൽ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം നിർബന്ധിതമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി സംസ്ഥാനത്തെ 538 സർക്കാർ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ ധനസഹായത്തോടെയാണ് സ്കൂളിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നത്. കൂടാതെ പി.റ്റി.എ. മുഖേനയും കുടുംബശ്രീ മുഖാന്തിരവും മറ്റ് അംഗീകൃത ഏജൻസികൾ മുഖേനയും സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് അംഗീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 250 സ്കൂളുകൾക്ക് ഓരോ ലക്ഷം രൂപാ വീതം ലാബ് സജ്ജമാക്കുന്നതിന് നൽകി. 11-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടു കൂടി മൊത്തം 62 സർക്കാർ ഹൈ സ്കൂളുകൾക്ക് 5 കമ്പ്യൂട്ടർ വീതം വിതരണം നടത്തുന്നതിന് 5 റിസോഴ്സ് സെന്ററുകൾക്കും വേണ്ടി 121.06 ലക്ഷം രൂപയും ചെലവഴിച്ചു.

(ഡി) 1. ടൗൺ എച്ച്.എസ്., കണ്ണൂർ
2. ടി.എച്ച്.എസ്.പ്രാപിൻ
3. ജി.എച്ച്.എസ്. രാമന്തല
4. ജി.എച്ച്.എസ്.എസ്. ചെറുക്കുന്ന്
5. ജി.എച്ച്.എസ്. പിണറായി
6. ജി.എച്ച്.എസ്. മാലൂർ
7. ജി.എച്ച്.എസ്.എസ്. മണത്തുറ
8. ജി.എച്ച്.എസ്.എസ്. പാലക്കാട്
9. ജി.എച്ച്.എസ്. ഇരിക്കൂർ
10. ജി.എച്ച്.എസ്. പെലോറ
11. ജി.എച്ച്.എസ്.എസ്. പാവശ്ശേരി
12. ജി.എച്ച്.എസ്. ഇടയന്നൂർ
13. ജി.എച്ച്.എസ്. കോട്ടില
14. ജി.എച്ച്.എസ്.എസ്. വെല്ലൂർ
15. ജി.എച്ച്.എസ്. കോട്ടയം മലബാർ

(ഇ) ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

(എഫ്) നിലവിൽ പുതുതായി നടപ്പിലാക്കിയ സിലബസിൽ കമ്പ്യൂട്ടർ പഠനം നിർബന്ധ വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

ചീമേനിയിൽ ഐ.എച്ച്.ആർ.ഡി.-യ്ക്ക് അനുവദിച്ച സ്ഥലത്ത് റ്റി.എച്ച്.എസ്.എസ്. ആരംഭിക്കുന്നതിന് നടപടി

135 (3696) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ സെന്റിന് 500 രൂപ നിരക്കിൽ 25 ഏക്കർ സ്ഥലം ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലം ഐ.എച്ച്.ആർ.ഡി. ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലെത്തി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly